**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഒന്നാംവിള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷത്തെ ഒന്നാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നിന്ന് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നും എത്ര കർഷകരിൽ നിന്നുമാണ് ഇത്രയും നെല്ല് സംഭരിച്ചതെന്നും അറിയിക്കാമോ; | (എ) | 45,943 കർഷകരിൽ നിന്നായി 1,12,932.985 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരിച്ച ഇനത്തിൽ ആകെ എത്ര തുകയാണ് കർഷകർക്ക് വിതരണം ചെയ്യാനുണ്ടായിരുന്നതെന്നും ഇതിൽ എത്ര തുക ഇതിനകം വിതരണം ചെയ്തുവെന്നും അറിയിക്കാമോ; | (ബി) | ആകെ 558.66 കോടി രൂപ 74,107 കർഷകർക്കായി വിതരണം ചെയ്യാനുണ്ടായിരുന്നതിൽ 46,292 കർഷകർക്കായി 369.29 കോടി രൂപ 27.01.2023 വരെ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇനി എത്ര കർഷകർക്കാണ് നെല്ല് സംഭരിച്ചതിന്റെ തുക നൽകാനുള്ളതെന്നും ആകെ എത്ര തുകയാണ് നൽകാനുള്ളതെന്നും അറിയിക്കാമോ; ഈ തുക എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ? | (സി) | 27,815 കർഷകർക്ക് 189.37 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. തുക നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ